പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 702 — 28.09.2011-ലെ മറുപടിക്ക്

## കയർ വ്യവസായത്തിന്റെ പുനരുദ്ധാരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) കയർ വ്യവസായത്തിൽ യന്ത്രവൽക്കരണം, ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധന വൈവിദ്ധ്യവൽക്കരണം എന്നിവ ത്വരിതപ്പെടുത്തുന്നതിന് എന്താക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (എ) ചകിരിക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി പുതിയ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിലേക്കായി സഹകരണ - സംഘങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ എന്നീ സ്ഥാപനങ്ങൾക്ക് മുടക്കു മുതലിന്റെ 75% പരമാവധി 25 ലക്ഷം രൂപയും ഇവയുടെ പുനരുദ്ധാരണം/നവീകരണം എന്നിവയ്ക്കായി പ്രോജക്ടിന്റെ 75% പരമാവധി 15 ലക്ഷം രൂപയും അനുവദിച്ചു വരുന്നു.<br><br>• ഒരു ഷിഫ്റ്റിൽ 3000-4000 തൊണ്ടുവരെ - സംസ്കരിക്കാവുന്ന ചെറിയതരം ഡീഫൈബറിംഗ് മെഷീനുകൾ കയർ സഹകരണ സംഘങ്ങൾക്ക് സൗജന്യമായും സ്വകാര്യ സംരംഭകർക്ക് സബ്സിഡി നിരക്കിലും അനുവദിച്ചുവരുന്നു<br>• കയർ വ്യവസായത്തിനാവശ്യമായ മെഷിനറികൾ സംസ്ഥാനത്തുതന്നെ നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ |

| | |
|---|---|
| | ആലപ്പുഴയിൽ യന്ത്രനിർമ്മാണ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br>• ഉല്പാദനക്ഷമതയുള്ള മോട്ടോറൈസ്ഡ് റാട്ടുകളും സ്പിന്നിംഗ് മെഷീനുകളും വീവിംഗ് യൂണിറ്റുകളും നല്കി വരുന്നു<br>• ഫോം മാറ്റിംഗ്സിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴയിൽ കയർ കോമ്പോസിറ്റ് ബോർഡ് ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br>• കേരള കയർ, വിനോദ സഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിലേയ്ക്കായി ചകിരി സംസ്ക്കരണം മുതൽ ഉല്പന്ന നിർമ്മാണവും അവയുടെ വിപണനവും ഒരു കടക്കീഴിൽ കൊണ്ടു വരുന്നതിലേയ്ക്കായി കയർ ഗ്രാമം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു.<br>• |
| (ബി) ഉൽപ്പാദനക്ഷമതയില്ലായ്മയും കുറഞ്ഞ വേതനവും മൂലം പ്രതിസന്ധിയിലായ കയർമേഖലയുടെ പുനരുദ്ധാരണത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നത്? | (ബി) കയർ സംഘങ്ങൾക്ക് പുനരുദ്ധാരണത്തിന്റെ ഭാഗമായി പ്രവർത്തന മൂലധനം നല്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br>• ഇപ്പോൾ കയർ പിരി മേഖലയിൽ നൽകി വരുന്ന 150 രൂപ കൂലി വരുമാന ഉറപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി 200 രൂപയായി വർദ്ധിപ്പിക്കുന്ന പ്രൊപ്പോസൽ പരിശോധിച്ചു വരികയാണ്. |

| | |
|---|---|
| | • കയർ മേഖലയിലെ നിലവിലുള്ള സഹകരണ സംഘങ്ങൾക്ക് ചെറിയ തരത്തിലുള്ള ഡീഫൈബറിംഗ് മെഷീനുകൾ സൗജന്യമായും, മറ്റ് മേഖലയിലുള്ളവർക്ക് സബ്സിഡി നിരക്കിലും നല്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br>• ചകിരി ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച തൊണ്ട് സംഭരണ പദ്ധതി പ്രകാരം തൊണ്ട് സംഭരണത്തിന്റ ചുമതല മിനി ഡീഫൈബറിംഗ് മെഷീൻ നൽകിയ കയർ സഹകരണ സംഘങ്ങളെ ഏല്പിക്കുന്നതും, തൊണ്ട് സംഭരണത്തിനാവശ്യമായ പ്രവർത്തന മൂലധനം നൽകുന്നതുമുൾപ്പെടെയുള്ള ഭേദഗതി പ്രൊപ്പോസൽ പരിശോധിച്ചു വരികയാണ്.<br>• തൊഴിലാളികളുടെ അധ്വാന ഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനം ലക്ഷ്യമാക്കിക്കൊണ്ട് ആധുനിക തരത്തിലുള്ള ഉല്പാദന ക്ഷമത കൂടുതലുള്ള ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ വികസിപ്പിച്ചു വരുന്നു.<br>• കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ മുഖാന്തിരം നടപ്പിലാക്കി വരുന്ന ക്രയ വില സ്ഥിരത പദ്ധതി കൂടുതൽ |

| | |
|---|---|
| | ശക്തിപ്പെടുത്തി കയറ്റുമതിക്കാരിൽ നിന്നും പരമാവധി ഓർഡറുകൾ സ്വീകരിച്ച് ചെറുകിട ഉല്പാദക സംഘങ്ങൾക്ക് നൽകി കൂടുതൽ തൊഴിലും തൊഴിലവസരങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.<br>• കയർഫെഡ് മുഖാന്തിരം സംഘങ്ങൾക്ക് ചകിരി ലഭ്യമാക്കുകയും അവർ ഉല്പാദിപ്പിക്കുന്ന കയർ ന്യായ വില നൽകി സംഭരിക്കുകയും ചെയ്ത് വരുന്നു.<br>ഉല്പന്ന മേഖലയിലെ പ്രധാന ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് തൊഴിലാളികൾക്ക് കുറഞ്ഞത് 285 രൂപ കൂലി ഈ മേഖലയിലെ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് ഉറപ്പാക്കി. |

സെക്ഷൻ ഓഫീസർ